# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 33, ടെലിഫോൺ-0471-2300524, 2302090, 2300523

ഇ-മെയിൽ-director.mwd@kerala.gov.in, വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


നം. MWD/239/2023/എസ് | തീയതി. 04.03.2022

'ഭരണ ഭാഷ-മാതൃഭാഷ'

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) 2022-23 അപേക്ഷ ക്ഷണിച്ചു.

## വിജ്ഞാപനം

കേരള സംസ്ഥാനത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ) പുതുക്കുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

2021-22 സാമ്പത്തിക വർഷം സ്കോളർഷിപ്പ് ലഭിച്ചവർക്കാണ് റിന്യൂവലിന് അവസരം നൽകുന്നത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5,000/ രൂപാ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6,000/ രൂപാ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000/ രൂപാ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000/ രൂപാ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന വർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന വർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. scholarship.minoritywelfare.kerala.gov.in/dmw_ma/dmw_ind.php – എന്ന ലിങ്ക് മുഖേന നേരിട്ടോ അല്ലെങ്കിൽ *www.minoritywelfare.kerala.gov.in* - എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. 10.03.2023. കൂടുതൽ വിവരങ്ങൾക്ക് 0471 2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Scanned with CamSca

I. അപേക്ഷിക്കേണ്ട രീതി:

1. scholarship.minoritywelfare.kerala.gov.in/dmw_ma/dmw_ind.php - എന്ന ലിങ്ക് അല്ലെങ്കിൽ *www.minoritywelfare.kerala.gov.in* - എന്ന വകുപ്പിന്റെ വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന C.H. Mohammed Koya Scholarship (CHMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Renewal button - ൽ ക്ലിക്ക് ചെയ്യുക.
3. Application fill ചെയ്യുക
4. ഹോസ്റ്റലിൽ നിന്നും പഠിക്കുന്ന വിദ്യാർത്ഥികൾ ഈ വർഷത്തെ ഹോസ്റ്റൽ ഫീ രസീത് Upload ചെയ്യേണ്ടതാണ്.
5. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
6. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

II. <u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   **(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).**
3. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്/മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ നിർബന്ധമായും സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
4. വരുമാന സർട്ടിഫിക്കറ്റ്
5. ഈ അദ്ധ്യയന വർഷത്തിലെ ഹോസ്റ്റൽ ഫീസ് രസീത് (ബാധകമായവർക്ക്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

III. <u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)
2. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (Approval)

Scanned with CamSca

3. ഹോസ്റ്റലിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥിനികൾ ഈ വർഷത്തെ ഹോസ്റ്റൽ ഫീ രസീത് തന്നെയാണ് സമർപ്പിച്ചിരിക്കുന്നതെന്ന് സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പ് വരുത്തുക.
4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ വരുത്തണം. മുൻ വർഷത്തെ പരീക്ഷാഫലം വന്നിട്ടില്ലെങ്കിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ( സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിരിക്കുന്നു)
5. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.
6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
7. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.
8. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തിരമോ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടണ്ടതാണ്. വിലാസം. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33.

IV. <u>അവസാന തീയതികൾ</u>

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: 10/03/2023
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. 11/03/2023
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. 13/03/2023
4. സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. 14/03/2023

ഡയറക്ടർ

Scanned with CamSca